**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3434** **02-03-2023 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ; | (എ) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ഐ.ഡി.എഫ് XXII ഘട്ടത്തിൽ ഉൾപ്പെട്ട വലിയവയൽ നീർത്തട പദ്ധതി നടപ്പിലാക്കി വരുന്നു. 1,60,00,000/- രൂപ അടങ്കൽ തുകയ്ക്കുള്ള ടി പദ്ധതിയിൽ വാമനപുരം ബ്ലോക്കിലെ പാങ്ങോട് പഞ്ചായത്തിലെ 435 ഹെക്ടർ പ്രദേശത്തു കല്ല് കയ്യാല, മൺ കയ്യാലകൾ, മഴക്കുഴി, പാർശ്വഭിത്തി, തടയണ, റബ്ബർ തടം തുടങ്ങിയ പ്രവർത്തനങ്ങൾ കിളിമാനൂർ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പിലാക്കുന്നുണ്ട്. നാളിതു വരെ 93,04,569/- രൂപ വിനിയോഗിച്ച് 240 ഹെക്ടർ പ്രദേശം വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിച്ചിട്ടുണ്ട്. 2023 മാർച്ച് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കണമെന്ന ലക്ഷ്യത്തോടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയതായി എത്ര അപേക്ഷകൾ മണ്ഡലത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ? | (ബി) | 5 കോടി രൂപ അടങ്കൽ തുകയുള്ള 'കുന്നത്തുമല-പാളയം നീർത്തട പദ്ധതിയുടെ പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ് XXVII ഘട്ടത്തിൽ പരിഗണിക്കുന്നതിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സമർപ്പിച്ചിരുന്നുവെങ്കിലും ആർ.ഐ.ഡി.എഫ് XXVII ഘട്ടത്തിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പദ്ധതികൾക്കൊന്നും നബാർഡ് അനുമതി നൽകിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ